കെ. എസ്. ആർ. ടി. സി.

ബസ്സുകളിൽ സ്റ്റിക്കർ പതിപ്പിക്കുന്നതിന് അനുവദിച്ചത് - 0.748 ലക്ഷം

ഡി. ജി. പി. ക്ക് ആൽക്കോമീറ്റർ വാങ്ങുന്നതിന് - 5 ലക്ഷം

ആകെ - 2140.348 ലക്ഷം

അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

റോഡ് സേഫ്ടി അതോറിറ്റിയുടെ പ്രവർത്തനം

237 (4026) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് പ്രവർത്തിച്ച് തുടങ്ങിയതെന്നും, ഇതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

രൂപീകരിച്ചിട്ടുണ്ട്. 2007 ഡിസംബർ മുതലാണ് പ്രവർത്തനം തുടങ്ങിയത്. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിൻ പ്രകാരം അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങളാണ് ഉള്ളത്.

1. ഗതാഗത വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്;

2. പൊതുമരാമത്ത് വകുപ്പുമന്ത്രി, അദ്ദേഹം അതോറിറ്റിയുടെ വൈസ് ചെയർമാനായിരിക്കുന്നതാണ് ;

3. ചീഫ് സെക്രട്ടറി ;

4. ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

5. നിയമവകുപ്പ് സെക്രട്ടറി ;

6. ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

7. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

8. പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

9. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

10. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

11. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ;

LIBRARY ARCHIVES Kerala Legislative Assembly

12. റോഡ് സുരക്ഷാ കമ്മീഷണർ, അദ്ദേഹം അതോറിറ്റിയുടെ മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്;

13. പോലീസ് ഡയറക്ടർ ജനറൽ ;

14. ആരോഗ്യ വകുപ്പ് ഡയറക്ടർ ;

15. പോലീസ് ഇൻസ്പെക്ടർ ജനറൽ (ട്രാഫിക്) ;

16. ചീഫ് എൻജിനീയർ (റോഡുകളും പാലങ്ങളും) ;

17. ചീഫ് എൻജിനീയർ (നാഷണൽ ഹൈവേകൾ) ;

18. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ ഡയറക്ടർ ;

19. സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ;

20. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, റോഡ് സുരക്ഷാ രംഗത്ത് വിദഗ്ദ്ധരായ മൂന്നു പേർ.

ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടി

238 (4027) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സാജു പോൾ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്നുറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) വാഹനങ്ങളിൽ മാനദണ്ഡ പ്രകാരമില്ലാത്ത ഹോൺ, ലൈറ്റ്, ബോർഡുകൾ മുതലായവ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ ;

(സി) സുഗമമായ ഗതാഗതത്തിന് തടസ്സമാകുന്ന ആർച്ചുകൾ, ബോർഡുകൾ മുതലായവ റോഡുകളിൽ നിന്നും നീക്കം ചെയ്യാനും, തുടർന്ന് സ്ഥാപിക്കാതിരിക്കാനും നടപടി സ്വീകരിക്കുമോ ;

(ഡി) ക്രെയിനുകൾ, മണ്ണുനീക്കൽ യന്ത്രങ്ങൾ, കണ്ടെയ്നറുകൾ മുതലായവ തിരക്കേറിയ സമയങ്ങളിൽ റോഡിൽ പ്രവേശിക്കാതിരിക്കുവാൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി പ്രത്യേകം മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly